**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 786** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻപഠനം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഡിജിറ്റൽ പഠന സൗകര്യങ്ങൾ താരതമ്യേന കുറവായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സാമൂഹ്യപഠനമുറികൾ കൂടാതെ ഊരുവിദ്യാ കേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കൺവാടികൾ, മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ കോളനികളിലെ പൊതുഇടങ്ങളിൽ താല്ക്കാലികമായി ഓൺലൈൻ/ ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വൈദ്യുതി സൗകര്യം ഇല്ലാത്ത 32 പ്രദേശങ്ങളിൽ സോളാർ പാനൽ സംവിധാനങ്ങൾ ഒരുക്കി വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. സാമൂഹ്യപഠനമുറി ഫെസിലിറ്റേറ്റർമാർ, ഗോത്രബന്ധു പദ്ധതിയിലെ മെന്റർ ടീച്ചർമാർ, ഊരിലെ അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾ എന്നിവരുടെ സേവനം പഠനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്, ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ വിക്ടേഴ്സ് ചാനലിലെ ക്ലാസ്സുകൾ അധ്യാപകർ റെക്കോഡ് ചെയ്ത ശേഷം ആയത് ഊരിൽ ഒരു പൊതുസ്ഥലത്ത് എത്തി വിശദീകരിച്ച് പഠനത്തെ സഹായിക്കുന്നുണ്ട്. ഫെസിലിറ്റേറ്റർമാരുടെയും മെന്റർ ടീച്ചർമാരുടെയും സഹായത്തോടുകൂടി ഓൺലൈൻ പഠനം ഗോത്രഭാഷയിലും നൽകുന്നുണ്ട്. |
| (ബി) | ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതോ കുറവുള്ളതോ ആയ ആയിരത്തോളം ആദിവാസി കോളനികൾ സംസ്ഥാനത്ത് ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ യുദ്ധകാല അടിസ്ഥാനത്തിൽ ഈ കോളനികളിൽ കൂടി ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇന്റർനെറ്റ് കണക്ടിവിറ്റി തീരെയില്ലാത്ത 164 കോളനികളും ഭാഗികമായി മാത്രം കണക്ടിവിറ്റി ലഭ്യമായ 273 കോളനികളും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ടെലകോം/ഇന്റർനെറ്റ് സേവന ദാതാക്കളുടെ യോഗം വിളിച്ച് ചേർത്ത് കണക്ടിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ വിവിധ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കണക്ടിവിറ്റി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസനം, |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയം ഭരണം, ഐ.റ്റി എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തിവരുന്നു. |
| (സി) | ഓൺലൈൻ പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; പഠനത്തിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ;? | (സി) | ഉണ്ട്. ഹയർ സെക്കന്ററിതലം വരെയുള്ള ഡിജിറ്റൽ ഉപകരണങ്ങൾ സ്വന്തമായി ലഭ്യമാക്കാൻ സാഹചര്യമില്ലാത്തവർ എന്ന് കണ്ടെത്തിയ 37,717 വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ